സാക്ഷരകേരളത്തിന്റെ ആദ്യാക്ഷരം
ദീപിക
കോട്ടയം
THE FIRST MALAYALAM DAILY ESTD 1887

**14 August 2021**

# ഒരു മത്സ്യക്കൂടിൽനിന്ന് 600 കിലോ കരിമീൻ



സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ മരടിലെ പട്ടികജാതി കുടുംബങ്ങൾ നടത്തിയ കൂടുമത്സ്യകൃഷിയിൽനിന്നുള്ള കരിമീൻ വിളവെടുപ്പ്.

**കൊച്ചി:** കോവിഡ് പ്രതിസന്ധിയിൽ മരടിലെ പട്ടികജാതി കുടുംബങ്ങൾക്കു തുണയായി കൂടുമത്സ്യകൃഷി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) നേതൃത്വത്തിൽ നെട്ടൂർ-മരട് കായലിൽ നടത്തിയ കൂടുകൃഷിയിൽ ഒരു മത്സ്യക്കൂടിൽനിന്ന് 600 കിലോ കരിമീനാണ് വിളവെടുത്തത്. കിലോയ്ക്കു 450 രൂപ നിരക്കിൽ മുഴുവൻ മീനും കൃഷിയിടത്തിൽ തന്നെ വിറ്റഴിച്ചതോടെ കുടുംബങ്ങൾക്ക് ലഭിച്ചതു 2,73,000 രൂപയുടെ ലാഭം. മഹാമാരിയുടെ വരവോടെ ജീവിതം ദുരിതത്തിലായ കുടുംബങ്ങൾക്ക് ഇതു വലിയ ആശ്വാസമായി.

കഴിഞ്ഞ ഒക്ടോബറിലാണു നാലു മീറ്റർ വീതം നീളവും വീതിയുമുള്ള മത്സ്യക്കൂടിൽ 2,000 കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് കൃഷി ആരംഭിച്ചത്. കൃഷി തുടങ്ങുന്നതിനു പ്രദേശത്തെ 'പുഴയോരം' സ്വയംസഹായക സംഘത്തിനു മത്സ്യക്കൂട്, മീൻകുഞ്ഞുങ്ങൾ, തീറ്റ തുടങ്ങിയവ സൗജന്യമായി സിഎംഎഫ്ആർഐ നൽകി. സാങ്കേതിക സഹായവും നൽകി. പത്ത് മാസത്തിനുശേഷം നടത്തിയ വിളവെടുപ്പ് മരട് നഗരസഭാ വൈസ് ചെയർപേഴ്സൺ രശ്മി സനിൽ ഉദ്ഘാടനം ചെയ്തു.